പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 726** **14-10-2026-ൽ മറുപടിയ്ക്ക്**

**എം .ആർ .എസ്., ഹോസ്റ്റൽ സംബന്ധിച്ച വിശദാംശങ്ങൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. പി. മമ്മിക്കുട്ടി

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** മുൻ സർക്കാരിന്റെ കാലത്ത് എത്ര പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി പതിച്ച നൽകിയിട്ടുണ്ടെന്നും പ്രസ്തുത ഭൂമിക്ക് പട്ടയവിതരണം പൂർത്തിയായോയെന്നും ടി ഭൂമി അളന്ന തിട്ടപ്പെടുത്തി പട്ടയം നൽകുന്നതിന് താലൂക്കുകളിൽ പ്രത്യേകം ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ;

**മറുപടി: മുൻ സർക്കാരിന്റെ കാലയളവിൽ ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന വനാവകാശ നിയമം, റവന്യൂ/ഫാം/പ്രോജക്റ്റ് ഭൂമി വിതരണം, നിക്ഷിപ്ത വനഭൂമി വിതരണം, ലാന്റ് ബാങ്ക് പദ്ധതി എന്നീ പദ്ധതികൾ പ്രകാരം 4185 പേർക്ക് 4552.19 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. ടി പദ്ധതികൾ മുഖേന ഭൂരഹിതരായ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ഭൂമി വിതരണം ചെയ്യുന്ന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.**

| പദ്ധതി | ഗുണഭോക്താക്കളുടെ എണ്ണം | ഭൂമിയുടെ അളവ്(ഏക്കർ) |
|---|---|---|
| | | |
| വനാവകാശ നിയമം | 3126 | 4224.55 |
| | | |
| റവന്യൂ/ഫാം/പ്രോജക്റ്റ് ഭൂമി വിതരണം | 27 | 20.98 |
| | | |
| നിക്ഷിപ്ത വനഭൂമി വിതരണം | 718 | 243.80 |
| | | |
| ലാന്റ് ബാങ്ക് പദ്ധതി | 314 | 62.86 |
| | | |
| **ആകെ** | **4185** | **4552.19** |

ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വിതരണം ചെയ്യുന്നതിനായി ലഭ്യമാകുന്ന ഭൂമി അളന്ന തിട്ടപ്പെടുത്തി കൈവശാവകാശരേഖ/പട്ടയം നൽകുന്നതിന് താലൂക്കുകളിൽ പ്രത്യേകം ഉദ്യോഗസ്ഥരെ നിയമിച്ചിട്ടില്ല. ടി ഭൂമി അളന്ന തിട്ടപ്പെടുത്തി പ്ലോട്ടുകളായി തിരിക്കുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ട തഹസിൽദാർ മുഖേനയാണ് സ്വീകരിച്ചുവരുന്നത്.

**(ബി)** പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിലുള്ള എം.ആർ.എസ്സുകളിൽ ജോലിചെയ്യുന്ന മാനേജർമാരുടെ ജോലി സംബന്ധിച്ച് സർക്കാർ ഉത്തരവ് പുറത്തിറങ്ങിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

**<u>മറുപടി:</u> പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിലുള്ള എം.ആർ.എസ്സുകളിൽ ജോലിചെയ്യുന്ന മാനേജർമാരുടെ ജോലി സംബന്ധിച്ച് സർക്കാർ ഉത്തരവ് പുറത്തിറങ്ങിയിട്ടില്ല. എന്നാൽ മാനേജർമാരുടെ ജോലി സംബന്ധിച്ച് വകുപ്പ് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.**

**(സി)** പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന എം.ആർ.എസ്സുകൾ, ഹോസ്റ്റലുകൾ എന്നിവയിലെ ആകെ ജീവനക്കാർ എത്ര; അവയിൽ താൽക്കാലികം, സ്ഥിരം ഇവ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

**<u>മറുപടി:</u> പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന എം.ആർ.എസ്സുകൾ, ഹോസ്റ്റലുകൾ എന്നിവയിൽ ആകെ 1744 ജീവനക്കാർ ഉണ്ട്. അവയിൽ താൽക്കാലികം, സ്ഥിരം എന്നിവ തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.**

**(ഡി)** ഓരോ സ്ഥാപനത്തിലും 20 കുട്ടികൾക്ക് ഒരു കുക്ക് എന്ന മുൻ സർക്കാരിന്റെ ഉത്തരവ് പ്രകാരം എല്ലാ സ്ഥാപനങ്ങളിലും സ്ഥിരം ജീവനക്കാരെ നിയമിക്കാൻ സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

**<u>മറുപടി:</u> പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും ഹോസ്റ്റലുകളിലും 28.02.2026-ലെ സർക്കാർ ഉത്തരവ് നമ്പർ 275/2026/പജപവവിവ പ്രകാരം കുക്ക്, അന്തേവാസികളുടെ അനുപാതം 1:20 ആയി പരിഷ്കരിച്ചിട്ടുണ്ട്. എന്നാൽ സ്ഥിരം തസ്തികകൾ സർക്കാർ സൃഷ്ടിച്ച് ഉത്തരവാകാത്തതിനാൽ സ്ഥിരനിയമനം നടത്തിയിട്ടില്ല.**

**(ഇ)** പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ കീഴിൽ പ്രവർത്തിക്കുന്ന എം.ആർ.എസ്-കൾ, ഹോസ്റ്റലുകൾ എന്നിവിടങ്ങളിലെ എല്ലാ ജീവനക്കാർക്കും പഞ്ചിംഗ് ബാധകമാണോ; വ്യക്തമാക്കുമോ;

**<u>മറുപടി:</u> പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള എം.ആർ.എസ്-കൾ, ഹോസ്റ്റലുകൾ എന്നീ സ്ഥാപനങ്ങളിൽ പഞ്ചിംഗ് നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന MRS-കളിൽ അധ്യാപകേതര ജീവനക്കാർക്ക് പഞ്ചിംഗ് ഏർപ്പെടുത്തിയിട്ടുണ്ട്. MRS-ലെ അധ്യാപകർക്ക് പഞ്ചിംഗ് ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.**

**(എഫ്)** ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പിനുകീഴിൽ പോസ്റ്റുമെട്രിക് ഹോസ്റ്റൽ ആരംഭിക്കാൻ ആലോചനയുണ്ടോ; വ്യക്തമാക്കുമോ?

**<u>മറുപടി:</u> ഷൊർണ്ണൂർ നിയോജക മണ്ഡലത്തിൽ പോസ്റ്റ്മെട്രിക് ഹോസ്റ്റൽ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസലുകളൊന്നും നിലവിൽ പട്ടികജാതി വികസന വകുപ്പിൽ ലഭ്യമായിട്ടില്ല.**

**സെക്ഷൻ ഓഫീസർ**

# **അനുബന്ധം**

| Sl. No. | Office | MRS | | Hostels | |
|---|---|---|---|---|---|
| | | **Permanent** | **Temporary** | **Permanent** | **Temporary** |
| 1 | ITDP Nedumangad | 30 | 123 | 16 | 13 |
| 2 | TDO Punalur | 28 | 26 | 23 | 11 |
| 3 | TDO Ranni | 18 | 17 | 8 | 2 |
| 4 | ITDP Idukki | 14 | 36 | 39 | 27 |
| 5 | TDO Adimali | 8 | 20 | 23 | 30 |
| 6 | ITDP Kanjirapalli | 13 | 15 | 13 | 1 |
| 7 | TDO Muvattupuzha | 0 | 0 | 17 | 27 |
| 8 | TDO Chalakkudy | 15 | 15 | 23 | 20 |
| 9 | ITDP Nilambur | 26 | 17 | 41 | 21 |
| 10 | TDO Palakkad | 7 | 37 | 37 | 40 |
| 11 | ITDP Attapady | 11 | 26 | 72 | 58 |
| 12 | TDO Kozhikode | 0 | 0 | 21 | 14 |
| 13 | ITDP Wayanad | 34 | 51 | 35 | 36 |
| 14 | TDO Sulthanbathery | 19 | 16 | 63 | 9 |
| 15 | TDO Mananthavady | 34 | 37 | 45 | 21 |
| 16 | ITDP Kannur | 8 | 31 | 31 | 23 |
| 17 | TDO Kasargod | 12 | 62 | 8 | 10 |
| 18 | TDO Parappa | 7 | 30 | 6 | 17 |
| | | **284** | **559** | **521** | **380** |